പതിമൂന്നാം കേരളനിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2629

20.06.2013 ലെ മറുപടിക്ക്

## വിദ്യാഭ്യാസ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)** | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ചുവടു പിടിച്ച് സംസ്ഥാനത്ത് പുതിയ അദ്ധ്യയന വർഷം മുതൽ എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഒന്നുമുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന 5 മുതൽ 14 വയസ്സുവരെ പ്രായ മുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും, നിർബന്ധിതവും ഗുണമേന്മയുള്ളതുമായ പ്രാഥ മിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പാക്കിയിട്ടുണ്ട്. ഈ അദ്ധ്യായനവർഷം മുതൽ 1 മുതൽ 5 വരെ ഉൾപ്പെടുന്ന സ്കൂളുകളെ പ്രൈമറി സ്കൂളെ ന്നും, 5-ാം ക്ലാസ്സ് ഉൾപ്പെടുന്ന യു.പി. സ്കൂളുകളെ ലോവർ & അപ്പർ പ്രൈമറി വിഭാഗമെന്നും, 8-ാം ക്ലാസ്സ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർ നാമകരണം ചെയ്യുവാനുള്ള നടപടി കൈക്കൊണ്ടു. വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അൺഎയിഡഡ് സ്കൂളുകളിൽ 1-ാം ക്ലാസിൽ ആ ക്ലാസ്സിലെ കുട്ടികളുടെ അംഗസംഖ്യയുടെ കുറഞ്ഞത് 25 ശതമാനമെങ്കിലും, അയൽ പക്ക പ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങളിലും, പിന്നോക്ക വിഭാഗത്തിലുംപെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനും, സൗജന്യവും, നിർബന്ധി തവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും, ഓരോ കുട്ടിയ്ക്കും ചെലവാ കുന്ന തുകയോ, അല്ലെങ്കിൽ കുട്ടിയിൽ നിന്നും ഈടാക്കുന്ന |

യഥാർത്ഥ തുകയോ, ഏതാണോ കുറവ്, പ്രസ്തുത തുക സ്കൂളിന് റീഇംപേഴ്സ് ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. എന്നാൽ കുട്ടിയുടെ താമസസ്ഥലത്തിനടുത്ത് 1 കിലോമിറ്റർ ചുറ്റളവിൽ ഗവൺമെന്റ്/ എയിഡഡ് സ്കൂളുകളില്ലാത്ത സാഹചര്യത്തിൽ മാത്രമേ മുകളിൽ സൂചിപ്പിച്ച രീതിയിൽ റീഇംപേഴ്സ്മെന്റ് ചെയ്യുകയുള്ളൂ. അധ്യാപക വിദ്യാർത്ഥി അനുപാതം സ്കൂൾ അടിസ്ഥാനത്തിൽ എൽ.പി. സ്കൂളുകൾക്ക് 1:30 ആയും യു.പി.സ്കൂളുകളിൽ 1 : 35 ആയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എല്ലാ ഗവൺമെന്റ് /എയിഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസിലെ എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ വിഭാഗം ഒഴിച്ചുള്ള ആൺകുട്ടികൾക്കും യൂണിഫോമും എല്ലാ വിഭാഗക്കാർക്കും ടെക്സ്റ്റ് ബുക്കും സൗജന്യമായി വിതരണം ചെയ്യുന്നു. സ്കൂൾ മാപ്പിംഗ് നടപടികൾ നടന്നു വരുന്നു. ഗവൺമെന്റ് സ്കൂളുകളിൽ ഹെഡ്ടീച്ചേഴ്സിനെ ക്ലാസ് ചാർജ്ജിൽ നിന്നും ഒഴിവാക്കി പകരം, ദിവസവേതനാടി സ്ഥാനത്തിൽ ടീച്ചേഴ്സിനെ നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്തെ സ്കൂളുകളിൽ കുടിവെള്ള സൗകര്യം, കളിക്കാനുള്ള സ്ഥലം എന്നിവ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. സ്കൂളുകളിൽ സ്പെഷ്യൽ ഫീസ് പിരിക്കുന്ന സമ്പ്രദായം നിർത്തലാക്കി. 1-ാം ക്ലാസ് മുതൽ 8-ാം ക്ലാസ്സുവരെ ഓൾ പ്രമോഷൻ നടപ്പിലാക്കി.

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എല്ലാ ഗവൺമെന്റ് സ്കൂളിലും നടപ്പിലാക്കി. എയ്ഡഡ്

സ്കൂളുകളിൽ ഉപദേശക സമിതിയുടെ സ്ഥാനമാണ് എസ്.എം.സി.ക്ക് നൽകിയിരിക്കുന്നത്. യു.പി. വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പൂളിങ്ങ് നടപ്പിലാക്കി.

ഓരോ സ്കൂളിലും പ്രവേശനം നേടുന്ന ഓരോ കുട്ടിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയാൻ ആധാർ നമ്പർ (യു.ഐ.ഡി) സമ്പ്രദായം നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (ബി) വിദ്യാഭ്യാസ പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അധ്യാപക സംഘടനകൾ ഉന്നയിച്ച പരാതികളിൽ പരിഹാരം ഉണ്ടാക്കാമെന്ന ഉറപ്പ് നൽകിയിരുന്നോ; | (ബി) & (സി.) വിവിധ അധ്യാപക സംഘടനകളുമായി ചർച്ചകൾ നടത്തിയ ശേഷം അവർ ഉന്നയിച്ച പരാതികൾ പരിഹരിക്കത്തക്കവിധമാണ് വിദ്യാഭ്യാസ പാക്കേജ് സംബന്ധമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി.) ഈ ഉറപ്പ് തുടർന്നുള്ള ഉത്തരവിൽ ഉൾപ്പെടുത്തി പരിഹരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | |

സെക്ഷൻഓഫീസർ